# നമ്മെ മറക്കാത്ത ദൈവം

## 1 ശമുവേൽ 1:20

"യഹോവ അവളെ ഓർത്തു; ഒരാണ്ട് കഴിഞ്ഞിട്ട് ഹന്ന ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. ഞാൻ അവനെ യഹോവയോട് അപേക്ഷിച്ച് വാങ്ങി എന്നു പറഞ്ഞ് അവന് ശമുവേൽ എന്ന് പേരിട്ടു."

എഫ്രയീം മലനാട്ടിലെ രാമാത്തയിൽ പാർത്തിരുന്ന ഒരു ദൈവഭക്തനായ പുരുഷനായിരുന്ന എൽക്കാനയുടെ രണ്ട് ഭാര്യമാരിൽ ഒരുവളായിരുന്ന ഹന്നായ്ക്ക് വളരെ നാളുകൾ കുട്ടികൾ ഇല്ലാതിരുന്നതിനു ശേഷം യഹോവയായ ദൈവം അവളുടെ പ്രാർത്ഥന കേട്ട് ഒരു മകനെ നൽകുന്ന സന്ദർഭമാണ് നാം ഇവിടെ കാണുന്നത്.

1 ശമുവേൽ 1:6 ൽ നാം ഇപ്രകാരം കാണുന്നു 'യഹോവ അവളുടെ ഗർഭം അടച്ചിരുന്നതിനാൽ അവളുടെ പ്രതിയോഗി അവളെ വളരെ വ്യസനിപ്പിച്ചിരുന്നു.' ഇവിടെ പ്രതിയോഗി എന്നു പറഞ്ഞിരിക്കുന്നത് എൽക്കാനയുടെ മറ്റൊരു ഭാര്യയായ പെനിന്നയെക്കുറിച്ചാണ്. ഹന്നായുടെ അവസ്ഥയെ കുറിച്ച് പെനിന്ന നിരന്തരമായി പരിഹസിക്കുകയും, വേദനിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സാഹചര്യത്തിൽ ഹന്നാ ദൈവസന്നിധിയിൽ അവളുടെ സങ്കടം ബോധിപ്പിച്ച് കരയുന്നതായി നാം കാണുന്നു. ഒടുവിൽ അവളുടെ പ്രാർത്ഥന കേട്ട് അവളുടെ ഗർഭം അടച്ചിരുന്ന യഹോവ തന്നെ അവൾക്ക് ഒരു മകനെ നൽകുകയും ആ മകനെ അവൾ തന്റെ നേർച്ച പ്രകാരം ദൈവത്തിന് സമർപ്പിക്കുകയും ചെയ്തു. ഈ ശമുവേൽ ബാലനാണ് പിന്നീട് യിസ്രായേലിന്റെ ചരിത്രം മാറ്റിയെഴുതിയ അഭിഷേകമുള്ള ദൈവപുരുഷനായി മാറിയത്.

ഹന്നായുടെ വർഷങ്ങൾ നീണ്ട സഹനവും, പ്രാർത്ഥനയും, കാത്തിരിപ്പും ദൈവം ഓർക്കുകയും അവളെ അനുഗ്രഹിക്കുകയും ചെയ്തു. ശമുവേലിന്റെ അഭിഷേകത്തിന്റെ പിന്നിൽ ഹന്നായുടെ ആരും കാണാത്ത എന്നാൽ ദൈവം കണ്ട കരച്ചിലുകൾ ഉണ്ടെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രിയ ദൈവമക്കളെ നമ്മുടെ ജീവിതത്തിലും ഹന്നായുടേതിന് സമാനമായതോ അല്ലാത്തതോ ആയ സഹനങ്ങൾ, പ്രയാസങ്ങൾ, ഭാരങ്ങൾ ഒക്കെയുണ്ടാവുമ്പോൾ ഒരു കാര്യം നാം മറന്നു പോവരുത്, ഇതൊന്നും ദൈവം അറിയാതെ സംഭവിക്കുന്നതല്ല. ഇതിന്റെയെല്ലാം പിന്നിൽ ഒരു ദൈവീക പദ്ധതിയുണ്ട്. പെനിന്നയെപ്പോലെ ചില വ്യക്തികളോ സാഹചര്യങ്ങളോ നമ്മെ ഭാരപ്പെടുത്തുന്നുവെങ്കിൽ അത് നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കാനാണ്. ഹന്നായെപ്പോലെ നമ്മുടെ സങ്കടങ്ങൾ ദൈവസന്നിധിയിൽ ഇറക്കി വെയ്ക്കുന്നു എങ്കിൽ ഹന്നായുടെ മുഖം, വാടാതിരുന്നതുപോലെ നമ്മുടെ മുഖവും വാടാതിരിക്കാൻ ദൈവം നമ്മെ സഹായിക്കും.

അതിനാൽ ഹന്നായെ ഓർത്ത ദൈവം നമ്മെയും അവൻ നിശ്ചയിച്ച സമയത്ത് ഓർക്കുകയും പ്രവർത്തിക്കുകയും ചെയ്യും.

പ്രിയ ദൈവപൈതലേ, ദൈവം അടച്ച വാതിലുകൾ തുറക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ എന്ന് ഹന്നായുടെ ജീവിതം നമ്മെ കാണിച്ചു തരുന്നു. നമ്മുടെ സഹനങ്ങൾ നമ്മുടെ തലമുറയുടെ അഭിഷേകത്തിനും, തിരഞ്ഞെടുപ്പിനും കാരണമായി തീരുമെന്നും ഹന്നായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് എല്ലാ ഭാരങ്ങളും കണ്ണീരോടെ, പ്രാർത്ഥനയായി ദൈവത്തിന്റെ കരങ്ങളിൽ അർപ്പിക്കുമെങ്കിൽ തക്ക സമയത്ത് അത് അനുഗ്രഹമായി, അഭിഷേകമായി ദൈവം നമ്മുടെ കൈകളിൽ തിരികെ ഏൽപ്പിക്കും. അതിനായി നമുക്ക് പ്രത്യാശയോടും പ്രാർത്തനയോടും കൂടി ആയിരിക്കാം.

പരാമർശം:

1 ശമുവേൽ 1:27

ഈ ബാലാനയിട്ട് ഞാൻ പ്രാർത്ഥിച്ചു; ഞാൻ യഹോവയോട് കഴിച്ച അപേക്ഷ യഹോവ എനിക്കു നൽകിയിരിക്കുന്നു.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 093